"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

നമ്പർ. ഡി2/154/2026-തൊഴിൽ 17-04-2026,തിരുവനന്തപുരം

സ്പെഷ്യൽ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്, തിരുവനന്തപുരം

ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്, തിരുവനന്തപുരം

സർ,

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ് - ഇംഗ്ലീഷിലെ ദീർഘ രൂപങ്ങൾക്ക് സമാനമായ ചുരുക്കരൂപങ്ങൾ മലയാള ലിപിയിലെഴുതണമെന്ന സർക്കുലറിലെ നിർദ്ദേശം പാലിക്കുന്നത്- സംബന്ധിച്ച്

സൂചന:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗികഭാഷാ) വകുപ്പിന്റെ 01.04.2026 ലെ ഒ.എൽ 4/14/2026/പി & എ ആർ ഡി നമ്പർ അനൗദ്യോഗിക കുറിപ്പ്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പരിപത്രത്തിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനായി പ്രസ്തുത അനൗദ്യോഗിക കുറിപ്പിന്റെയും പരിപത്രത്തിന്റെയും പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

ULHAS SASI

അണ്ടർ സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പകർപ്പ് :- തൊഴിലും നൈപുണ്യവും വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും



File No. DT/2516/2026-A5 (Computer No. 889835)

Generated from eOffice by JAYAKUMAR K, A5 DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 11/05/2026 01:32 PM

ഭരണഭാഷ-മാതൃഭാഷ

കേരളസർക്കാർ

നം. ഒ എൽ 4/14/2026/പി& എ ആർ ഡി
ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്
തിരുവനന്തപുരം
തീയതി: 01/04/2026

## അനൗദ്യോഗികക്കുറിപ്പ്

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ് - ഇംഗ്ലീഷിലെ ദീർഘരൂപങ്ങൾക്ക് സമാനമായ ചുരുക്കരൂപങ്ങൾ മലയാളലിപിയിലെഴുതണമെന്ന സർക്കുലറിലെ നിർദേശം പാലിക്കുന്നതു സംബന്ധിച്ച്.

സൂചന:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പിന്റെ 17/12/2021-ലെ ഒഎൽ 4/53/2019-പി&എആർഡി നമ്പർ സർക്കുലർ (പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു).

സൂചനയിലേക്ക് സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളുടെയും ശ്രദ്ധക്ഷണിക്കാവുന്നതും സൂചന സർക്കുലറിലെ നിർദേശങ്ങൾ സെക്രട്ടേറിയറ്റ് ഉൾപ്പെടെ പല വകുപ്പുകളും പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ വിവിധ വകുപ്പുകളിൽനിന്ന് പുറപ്പെടുവിക്കുന്ന കത്തിടപാടുകളിലും മറ്റും പ്രസ്തുത സർക്കുലറിലെ നിർദേശം പാലിക്കണമെന്ന് സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാവകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകൾ അതത് വകുപ്പിനു കീഴിൽവരുന്ന വകുപ്പുഡയറക്ടർമാർ/ കമ്മീഷണർമാർ, പൊതുമേഖലാസ്ഥാപനങ്ങൾ (ബോർഡ്/കോർപ്പറേഷൻ), സഹകരണസ്ഥാപനങ്ങൾ, സർവകലാശാലാരജിസ്ട്രാർമാർ ഉൾപ്പെടെ എല്ലാ സർക്കാർ വകുപ്പുകൾക്കും നിർദേശം നൽകേണ്ടതാണ്.

സംഗീത ജി എസ്
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാവകുപ്പുകൾക്കും

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

ഭരണഭാഷ-മാതൃഭാഷ

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

നം ഒ എൽ 4/53/2019/പി&എ ആർ ഡി

തിരുവനന്തപുരം
തീയതി. 17/12/2021

സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ) വകുപ്പ്- ഇംഗ്ലീഷിലെ ദീർഘരൂപങ്ങൾക്ക് സമാനമായ ചുരുക്കരൂപങ്ങൾ മലയാളലിപിയിലെഴുതണമെന്ന നിർദ്ദേശം പാലിക്കുന്നത് - സംബന്ധിച്ച്

സൂചന- ഡോ വി ആർ പ്രബോധചന്ദ്രൻ നായരുടെ അധ്യക്ഷതയിലുള്ള കമ്മിറ്റി 2005 – ൽ തയ്യാറാക്കിയ സാങ്കേതികസംജ്ഞാമലയാളീകരണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിതലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ് അതിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ സാങ്കേതികപദങ്ങൾ സൂക്ഷ്മപരിശോധന നടത്തുന്നതിനു വേണ്ടി ഡോ വി ആർ പ്രബോധചന്ദ്രൻ നായരുടെ അധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപവൽക്കരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി തയ്യാറാക്കിയ സാങ്കേതികസംജ്ഞാ-മലയാളീകരണം സംബന്ധിച്ച നിർദ്ദേശങ്ങൾ 19/08/2005 – ൽ സർക്കാർ പ്രസിദ്ധീകരിച്ച പദകോശം എന്ന ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് ഇംഗ്ലീഷിൽ ദീർഘരൂപങ്ങൾക്ക് സാധാരണമായ ചുരുക്കരൂപങ്ങൾ മലയാളലിപിയിൽ എഴുതിയാൽ മതിയാകുമെന്നും, Non- Objection Certificate ( N O C) - എൻ ഒ സി, Non Liability Certificate ( N L C ) - എൻ എൽ സി എന്നിങ്ങനെയാണ് ചുരുക്കരൂപങ്ങൾ വേണ്ടതെന്നും ഉദാഹരണസഹിതം പ്രസ്തുത നിർദ്ദേശങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട് ഇതിൽനിന്നു വ്യത്യസ്തമായി പല വകുപ്പുകളും വകുപ്പിന്റെ പേര് ഉൾപ്പെടെയുള്ളവ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയശേഷം അതിലെ ഓരോ വാക്കിലേയും ആദ്യ അക്ഷരമെടുത്ത് ചുരുക്കരൂപം മലയാളത്തിൽ സൃഷ്ടിച്ചുവരുന്നതായും അത് ആശയസംവേദനത്തിന് തടസ്സം സൃഷ്ടിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

ഈ സാഹചര്യത്തിൽ വകുപ്പുകൾ മലയാളത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലും കത്തുകളിലും മറ്റും ഇംഗ്ലീഷിലെ ദീർഘരൂപങ്ങൾക്ക് സാധാരണമായ ചുരുക്കരൂപങ്ങൾ മലയാളലിപിയിൽത്തന്നെ എഴുതേണ്ടതാണ് എന്നു നിർദ്ദേശിക്കുന്നു

വിശ്വസ്തതയോടെ,
മീര എസ്
ജോയിന്റ് സെക്രട്ടറി

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/
സ്പെഷ്യൽ സെക്രട്ടറിമാർ/ വകുപ്പുതലവന്മാർ/ ജില്ലാ കളക്ടർമാർ
സർക്കാർ നിയന്ത്രണത്തിലുള്ള എല്ലാ പൊതുമേഖല/ അർദ്ധസർക്കാർ/സ്വയംഭരണസ്ഥാപനങ്ങളുടെ തലവന്മാർ

സെക്രട്ടറിയേറ്റിലെ നിയമ/ ധനകാര്യം ഉൾപ്പെടെ എല്ലാ സെക്ഷനുകൾക്കും
പൊതുഭരണ ( എസ് സി) വകുപ്പ്
ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ് ( പ്രസിദ്ധീകരണത്തിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ



File No. DT/2516/2026-A5 (Computer No. 889835)
Generated from eOffice by JAYAKUMAR K, A5 DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 11/05/2026 01:32 PM

മേലെഴുത്ത് കത്ത് : ഡിറ്റി/2516/2026 - എ5 തീയതി : 10-05-2026

ഇംഗ്ലീഷിലെ ദീർഘ രൂപങ്ങൾക്ക് സമാനമായ ചുരുക്കരൂപങ്ങൾ മലയാള ലിപിയിലെഴുതണമെന്ന സർക്കുലറിലെ നിർദ്ദേശം പാലിക്കണമെന്ന മേൽ കത്ത് അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി ഇതോടൊപ്പം അയക്കുന്നു.

**Shammi Baker A, JD DTTVM, O/O JD DTTVPM**

Digitally signed by
Shammi Baker A
Date: 10-05-2026
00:07:31

സ്വീകർത്താവ്,

എല്ലാ സ്ഥാപന മേധാവികൾക്കും
(വകുപ്പ് വെബ്സൈറ്റ് മുഖേനെ)

പകർപ്പ് : ആസ്ഥാന കാര്യാലയത്തിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും.